## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4385** **01-07-2024 - ൽ മറുപടിയ്ക്ക്**

## വെയ്സ് ആൻഡ് മീൻസ് അഡ്വാൻസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2024 മാർച്ച് 31-ന് സംസ്ഥാന ട്രഷറിയുടെ വെയ്സ് ആൻഡ് മീൻസ്-ന്റെ അവസ്ഥ എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ; | (എ) | 2024 മാർച്ച് 31 –ന് സംസ്ഥാന ട്രഷറിയിലെ നീക്കിയിരുപ്പ് 4053.26 കോടി രൂപ ആയിരുന്നു. |
| (ബി) | കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് ഓരോ സാമ്പത്തിക വർഷവും സംസ്ഥാന ട്രഷറി എത്ര ദിവസം വെയ്സ് ആൻഡ് മീൻസ് അഡ്വാൻസിലായിരുന്നുവെന്നും എത്ര ദിവസം ഓവർ ഡ്രാഫ്റ്റിലായിരുന്നുവെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ; | (ബി) | അക്കൗണ്ട്സ് ജനറലിന്റെ കണക്കുകൾ പ്രകാരം 2016-17 മുതൽ 2022-23 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ വെയ്സ് ആൻഡ് മീൻസ് അഡ്വാൻസ്/ എസ്.ഡി.എഫ്./ ഓവർ ഡ്രാഫ്റ്റ് സൗകര്യം പ്രയോജനപ്പെടുത്തിയതിന്റെ വിശദാംശംങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) | വിവിധ പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ ഭാഗമായി കരാറുകാർക്ക് 2024 ജൂൺ 30 വരെ കൊടുത്ത് തീർക്കാനുള്ള തുക എത്രയാണെന്ന കണക്ക് ലഭ്യമാക്കുമോ? | (സി) | പൊതുമരാമത്ത്, ജലവിഭവം, ഹാർബർ എഞ്ചിനീയറിംഗ് എന്നീ വകുപ്പുകളിലെ കരാറുകാരുടെ ബില്ലുകൾ സംസ്ഥാനതല മുൻഗണനാക്രമം പാലിച്ചും കൃത്യമായ സമയക്രമം നിശ്ചയിച്ചുമാണ് തീർപ്പാക്കി വരുന്നത്. ഇപ്രകാരം ബില്ലുകൾ തീർപ്പാക്കുന്നതിന് ആവശ്യമായ അധിക തുക അനുവദിച്ച് നിശ്ചിത സമയത്ത് ബില്ലുകൾ തീർപ്പാക്കി വരുന്നുണ്ട്. പൊതുമരാമത്ത് വകുപ്പിൽ 2023 ഒക്ടോബർ മാസം വരെയും ജലവിഭവ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുകളിൽ 2024 ഫെബ്രുവരി മാസം വരെയുമുള്ള ബില്ലുകളുടെ തുക നൽകിയിട്ടുണ്ട്. കൂടാതെ കരാറുകാരുടെ ബില്ലുകൾക്ക് ബി.ഡി.എസ്. സംവിധാനവും നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം**</u>

| ക്രമ നം. | സാമ്പത്തിക വർഷം | ട്രഷറി എസ്.ഡി.എഫ്./ വെയ്സ് ആൻഡ് മീൻസ് അഡ്വാൻസിലായിരുന്ന ദിവസങ്ങൾ | ട്രഷറി ഓവർ ഡ്രാഫ്റ്റിലായിരുന്ന ദിവസങ്ങൾ |
|---|---|---|---|
| 1. | 2016-17 | 25 | 0 |
| 2. | 2017-18 | 50 | 0 |
| 3. | 2018-19 | 67 | 0 |
| 4. | 2019-20 | 234 | 57 |
| 5. | 2020-21 | 195 | 35 |
| 6. | 2021-22 | 110 | 14 |
| 7. | 2022-23 | 54 | 1 |